(ബി) ഇതിനുവേണ്ടി എത്ര രൂപ ഇൻഡ്യഗവണ്മെൻറ് അനുവദിച്ചിട്ടുണ്ട്; ഈ ഗവണ്മെൻറ് എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(സി) ഇതിൽ എത്ര രൂപ ചെലവായി; ഏതെല്ലാം ആവശ്യങ്ങൾക്കു?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) കുന്താളിയിൽ ഒരു ജലസേചനപദ്ധതി നടപ്പിലാക്കാനുള്ള ഒരു അഭിപ്രായമുള്ളതിനാൽ ജലസേചനവകുപ്പിൻറെ ഉപദേശത്തിന്മേൽ കുന്താളി കാർഷികസെക്ഷനിലുള്ള പ്രവർത്തനം തല്ക്കാലം നിറുത്തലാക്കി. ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ കാർഷികസെക്ഷൻ പ്രദേശങ്ങൾ മുങ്ങിപ്പോകുന്നതായിരിക്കും.

(ബി) ഈ സംഖ്യ നൂറു ശതമാനം ഗ്രാൻറും ഇൻഡ്യഗവണ്മെൻറ് നൽകീട്ടുള്ള ഒരു സെൻട്രലി സ്പോൺസേഡ് സ്കീമാകുന്നു. 1958-59-ലേയ്ക്ക് അനുവദിച്ചിട്ടുള്ള ഗ്രാൻറ് 48,730 രൂപയാണ്.

(സി) ഇതുവരെ ഉണ്ടായ ചെലവിൻറെ വിവരം താഴെ ചേർക്കുന്നു:

	രൂപ
237 ഏക്കർ വനം, ഭൂമി വെളിയാക്കുന്നതിനു് ചെലവായതു്	12,000
ഒന്നര മൈൽ നീളമുള്ള ഒരു റോഡുപണിക്കു് ചെലവായതു്	2,500
ഒരു കിണറു കുഴിക്കുന്നതിനു് ചെലവായതു്	375
ഒരു വീടിനു് 1,000 രൂപ വീതം 50 വീടുകളുടെ പണിക്കായി സാധനങ്ങൾ ശേഖരിച്ചവകയിൽ ചെലവായതു്	23,000
സഹകരണസംഘത്തിനു ഗ്രാൻറ് നൽകിയതു്	3,000
സ്റ്റാഫിനു ശമ്പളവും അലവൻസും	1,250
ആകെ	42,125

മോഡൽ ഇൻഡസ്ട്രിയൽ സെൻറർ.

* 1655. [29] ശ്രീ. കെ. കൊച്ചുകുട്ടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൻറെ കീഴിൽ എത്ര മോഡൽ ഇൻഡസ്ട്രിയൽ സെൻറർ ഇന്നു പ്രവർത്തനം നടത്തുന്നുണ്ടു്;

(ബി) പാലാരിവട്ടത്തുള്ള ഇൻഡസ്ട്രിയൽ സെൻറർ എന്നാണു് ഉൽഘാടനം ചെയ്തതു്;

(സി) ഉൽഘാടനസമ്മേളനം വിളിച്ചുകൂട്ടിയതാരാണു്;

(ഡി) ഈ സെൻററിലെ സൂപ്പർവൈസർ ആരാണു്;

(ഇ) ഇയാൻറെ പരീക്ഷായോഗ്യത എന്താണു്;

(എഫ്) എന്തൊക്കെയാണു് ഇവ സെൻററിൽ പഠിപ്പിക്കുന്നതു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) പതിനെട്ടു് (18)

(ബി) ഇടപ്പള്ളിയിലുള്ള മാഡൽ വെൽഫയർ വില്ലേജിലെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ 9-2-1959-ൽ തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി ഉൽഘാടനം ചെയ്തു.

(സി) ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ

(ഡി) ശ്രീ. പി. കെ. വാസുദേവനാശാരി

(ഇ) കാർപ്പൻററി ജോലിയിൽ 5 വർഷത്തെ പരിചയം

(എഫ്) 10 പരിശീലകർക്കു് നെയ്ത്തിലും 12 പേർക്കു് കാർപ്പൻററിയിലും 6 പേർക്കു് ടൈലറൻ വർക്കിലും പരിശീലനം നൽകിവരുന്നു. എല്ലാ പരിശീലകർക്കും കോഴിവളർത്തലിലും തേനീച്ച വളർത്തലിലും കൂടി പരിശീലനം നൽകുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly